"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് - ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലേക്ക് സ്മാർട്ട് ഫോൺ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.449/2024/LBR തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/01/2024-ലെ 2584/ഡി1/2023 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ സോഫ്റ്റ് വെയറിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് authenticator application ഇൻസ്റ്റാൾ ചെയ്യുന്നതിനും OTP ലഭ്യമാക്കുന്നതിനുമായി ഒരു സ്മാർട്ട് ഫോൺ ആവശ്യമാണെന്നും, നിലവിലെ ബാങ്കിംഗ് സേവനങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഇത് ഉപയോഗപ്രദമാണെന്നും, ആയതിലേയ്ക്കായി ഏകദേശം 10,000/- രൂപയിൽ താഴെ വിലവരുന്ന സ്മാർട്ട് ഫോൺ വാങ്ങുന്നതിന് 14/12/2023-ന് ചേർന്ന 226-ാമത് ബോർഡ് യോഗത്തിൽ 13-ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്നും, ടി സാഹചര്യത്തിൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലേക്ക് ആവശ്യമായ ഒരു സ്മാർട്ട് ഫോൺ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ കൊടുത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് സോഫ്റ്റ് വെയറിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് authenticator application ഇൻസ്റ്റാൾ ചെയ്യുന്നതിനും OTP ലഭ്യമാക്കുന്നതിനും, ബാങ്കിംഗ് സേവനങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ടി ബോർഡിന്റെ തനത് ഫണ്ട് വിനിയോഗിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലേക്ക് 10,000/- (പതിനായിരം) രൂപയിൽ താഴെ വിലവരുന്ന സ്മാർട്ട് ഫോൺ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. ഐ.എം.ഇ.ഐ. നമ്പർ സഹിതം സ്മാർട്ട് ഫോണും അനുബന്ധ ഉപകരണങ്ങളും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
2. ടി ഫോൺ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ചുമതലയൊഴിയുമ്പോൾ, പുതുതായി ചുമതലയേൽക്കുന്ന ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.
3. ഇതിന്റെ പരിപാലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മാത്രം ചുമതലയും

ബാധ്യതയുമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ - 680 004.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (നം. LBRD-H1/5/2024-LBRD).

ഉത്തരവിൻ പ്രകാരം
Signed by
Supriya C D
Date: 25-03-2024 15:12:41
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.